**പതിനാലാം കേരള നിയമസഭ**

**19-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.35** **02.03.2020-ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് നിരോധനം**

ചോദ്യം

**ശ്രീമതി പി. അയിഷാ പോറ്റി:**

മറുപടി

**പിണറായി വിജയൻ**

(മുഖ്യമന്ത്രി)

(എ) പ്ലാസ്റ്റിക് നിരോധനം യാഥാർത്ഥ്യ- ബോധത്തോടെ നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തങ്ങളുടെ അധികാരപരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾ,വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കർശനമായി പരിശോധന നടത്തുകയും നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് പരിശോധന നടത്തുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ബദൽ NIIST-യുടെ സഹായത്തോടെ കണ്ടെത്തുവാൻ ബോർഡിനെ ചുമതലപ്പെടുത്തി ഇതിൻ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. 2016 ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം ഖര മാലിന്യം കൈകാര്യം ചെയ്യാനായി തദ്ദേശസ്ഥാപനങ്ങൾക്ക് producers/brand owners ൽ നിന്ന് സാമ്പത്തിക സഹായം നൽകേണ്ടതായിട്ടുണ്ട്. ഇതിൻ പ്രകാരം Extended Producers Responsibility fund രൂപീകരിക്കുന്ന ഒരു പദ്ധതി അന്തിമ ഘട്ടത്തിലാണ്.

| | | |
|---|---|---|
| (ബി) | സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം നിലവിൽ വന്ന ശേഷം നിരോധനം ലംഘിച്ചവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) നിയമ ലംഘനം ബോധ്യപ്പെടുന്ന പക്ഷം നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/- രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000/- രൂപയും (അമ്പതിനായിരം രൂപ) പിഴ ചുമത്തുന്നതും തുടർന്ന് സ്ഥാപന ത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്. മലനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തി വരുകയും നിരോധിക്കപ്പെട്ട വസ്തുക്കൾ പിടിച്ചെടുത്ത് നോട്ടീസും പിഴയും ചുമത്തിയതായുള്ള മഹസർ നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ